# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 513 - 11.06.2013-ലെ മറുപടിക്ക്

## കേന്ദ്രാവിഷ്കൃത പദ്ധതികൾ

**ചോദ്യം**
**ശ്രീ. വി. ചെന്താമരാക്ഷൻ**

**ഉത്തരം**
**ശ്രീ. കെ. എം. മാണി**
(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നൂറ് ശതമാനം കേന്ദ്രസഹായം ലഭിക്കുന്നവയും 50% കേന്ദ്രസഹായം ലഭിക്കുന്നവയും ഏതൊക്കെയാണ് ; | ഭൂരേഖകളുടെ കാലോചിതമായ സർവ്വേയും തീർപ്പാക്കലും, രാഷ്ട്രീയ മധ്യമിക് ശിക്ഷാ അഭിയാൻ, ഊർജ്ജിത ഗ്രാമീണ ജലവിതരണ പദ്ധതി, രാജീവ് ആവാസ് യോജന, മോഡൽ റസിഡൻഷ്യൽ സ്കൂൾ, ആശ്രാമം സ്കൂൾ എന്നിവയുടെ നിർമ്മാണം എന്നിവയാണ് പ്രധാനപ്പെട്ട 50 ശതമാനം കേന്ദ്ര സഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ. 75 ശതമാനത്തിലധികം കേന്ദ്രസഹായമുള്ള പദ്ധതികളെ 100 ശതമാനം കേന്ദ്രസഹായ പദ്ധതികളായാണ് കണക്കിലാക്കുന്നത്. കുട്ടനാട് പാക്കേജ്, വികലാംഗരുടെ സംയോജിത വിദ്യാഭ്യാസം, മദ്രസാ വിദ്യാഭ്യാസ ആധുനികവത്ക്കരണം, ന്യൂനപക്ഷവിഭാഗത്തിലെ വിദ്യാർത്ഥികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ, സാങ്കേതിക വിദ്യാഭ്യാസം മെച്ചപ്പെടുത്തൽ പദ്ധതി-രണ്ടാം ഘട്ടം, ഗ്രാമീണ കുടുംബാസൂത്രണ ക്ഷേമ കേന്ദ്രങ്ങൾ, പട്ടികജാതി പോസ്റ്റ്മെട്രിക്/ പ്രീ-മെട്രിക് സ്കോളർഷിപ്പ് എന്നിവയാണ് ഈയിനത്തിലെ ചില പ്രധാന പദ്ധതികൾ. |

| | |
|---|---|
| (ബി) 2011-2012, 2012-2013 സാമ്പത്തിക വർഷങ്ങളിൽ മേല്പ്പറഞ്ഞ പദ്ധതികളിൽ ഓരോന്നിലും സംസ്ഥാനത്തിനർഹമായ തുക എത്രയായിരുന്നു; യഥാർത്ഥത്തിൽ നേടിയെടുക്കാൻ കഴിഞ്ഞ തുക എത്ര വീതമായിരുന്നു ; | 2011-2012, 2012-2013 സാമ്പത്തിക വർഷങ്ങളിലെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി യഥാക്രമം 1351.53 കോടി രൂപയും 1839.77 കോടി രൂപയും പ്രതീക്ഷിച്ചിരുന്നു. ഇതിൽ 2011-2012 സാമ്പത്തിക വർഷത്തിൽ 1297.61 കോടി രൂപയും അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കു പ്രകാരം 2012-13 സാമ്പത്തിക വർഷത്തിൽ 1140.72 കോടി രൂപയും ലഭിച്ചിട്ടുണ്ട്. |
| (സി) ഏതെല്ലാം കേന്ദ്രസഹായ പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിയാതെ പോയിട്ടുള്ളത്; | കേന്ദ്രം നൽകുന്ന തുക കഴിവതും അതാത് വർഷം വിനിയോഗിക്കുകയാണ് ചെയ്യുന്നത്. കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന തുക അതേ വർഷം തന്നെ ചെലവഴിക്കുവാൻ കഴിയുന്നില്ലയെങ്കിൽ, കേന്ദ്രസർക്കാരിന്റെ അനുമതിയോടു കൂടി അടുത്ത വർഷം ഉപയോഗിക്കുവാൻ വ്യവസ്ഥയുണ്ട്. ആയതിനാൽ, വിഹിതം ഇല്ലാതെ പദ്ധതി നടപ്പിലാക്കാതിരിക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല. കൂടാതെ കേന്ദ്രസഹായം ലഭിക്കാത്തതിനാൽ സംസ്ഥാന ബഡ്ജറ്റ് വിഹിതം ചെലവഴിക്കുവാൻ സാധിക്കാത്ത അവസ്ഥ സംജാതമായിട്ടില്ല. |
| (ഡി) സംസ്ഥാന ബഡ്ജറ്റിൽ വേണ്ടത്ര തുക ഇല്ലാത്തതിനാൽ 50% കേന്ദ്രസഹായ പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതെ പോയിട്ടുള്ളത് ഏതൊക്കെയായിരുന്നു; | |
| (ഇ) കേന്ദ്രസഹായം ലഭിക്കാത്തതിനാൽ സംസ്ഥാന ബഡ്ജറ്റ് വിഹിതം ചെലവഴിക്കാൻ കഴിയാതെ പോയവ ഏതൊക്കെ; വിശദമാക്കാമോ? | |

**സെക്ഷൻ ഓഫീസർ**